പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2068 — 23.03.2012-ൽ മറുപടിയ്ക്ക്

# വൈദ്യുതി ബോർഡിന്റെ കടബാധ്യത.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. സി. ജോർജ്ജ് :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ഡോ. എൻ. ജയരാജ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി എപ്രകാരമാണ് ; | (എ) വൈദ്യുതി ബോർഡിന്റെ 2010-11 വർഷത്തിലെ സാമ്പത്തിക സ്ഥിതി വിവരിക്കുന്ന ആസ്തി - ബാദ്ധ്യതാ പത്രത്തിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരം ഏൽക്കുമ്പോൾ ബോർഡിന്റെ റവന്യൂ ഡെഫിസിറ്റ് എത്ര രൂപയായിരുന്നു ; | (ബി) 2010-11 സാമ്പത്തിക വർഷത്തിലെ (ഓഡിറ്റ് നടന്നു കൊണ്ടിരിക്കുന്നതിനാൽ) താത്കാലിക കണക്കു പ്രകാരം കെ. എസ്. ഇ. ബിയുടെ മൊത്ത വരുമാനം 5695.43 കോടി രൂപയും മൊത്തം ചെലവ് (മുൻ വർഷ വരവുകൾ/ചെലവുകൾ തട്ടിക്കിഴിച്ച ശേഷം) 6684.34 കോടി രൂപയുമാണ്. ഇതു പ്രകാരം 988.91 കോടി രൂപയുടെ റവന്യൂ കമ്മി ഉണ്ടായിട്ടുണ്ട്. ബോർഡിന് ലഭിക്കേണ്ട 15.5% റേറ്റ് ഓഫ് റിട്ടേൺ തുകയായ 240.72 കോടി രൂപയും ചേർത്ത് മൊത്തം റവന്യൂ ഗ്യാപ്പ് 1229.63 കോടി രൂപയാണ്. 2011-12 വർഷത്തിലെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. |
| (സി) വൈദ്യുതി ഉപഭോക്താക്കൾക്ക് അധിക ഭാരം ഏല്പിക്കാത്ത വിധത്തിൽ ബോർഡിന്റെ കടബാധ്യത ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ആയത് എപ്രകാരമെന്ന് അറിയിക്കുമോ ? | (സി) 2003-ലെ കേന്ദ്ര വൈദ്യുതി നിയമത്തിലെ സെക്ഷൻ 61 ജി പ്രകാരം ഉപഭോക്താക്കളിൽ നിന്നും ഈടാക്കേണ്ട വൈദ്യുതി താരിഫ്, വൈദ്യുതി വിതരണത്തിനു വേണ്ടി വരുന്ന ചെലവുകൾ പ്രതിഫലിപ്പിക്കുന്ന |

തരത്തിലായിരിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. ഇപ്രകാരം താരിഫ് നിശ്ചയിക്കുന്നതിനുള്ള സ്വതന്ത്ര അധികാരം റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. താരിഫ് നിശ്ചയിക്കുന്നതിനു വേണ്ട ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ വൈദ്യുതി ചാർജ്ജ് ലഭ്യമാകുന്ന മുറയ്ക്ക്, ബോർഡ് ഇന്ന് അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രശ്നങ്ങൾ ലഘൂകരിക്കപ്പെടും എന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ.

**KERALA STATE ELECTRICITY BOARD**
**BALANCE SHEET AS AT 31st MARCH, 2011**
**(PROVISIONAL)**

**STATEMENT - 3**
(Rupees in lakhs)

| Schedule | Sl. No. | Particulars | As at 31st March This Year 2010-11 | | As at 31st March Previous Year 2009-10 |
|---|---|---|---|---|---|
| | | **NET ASSETS** | | | |
| 19 | (a) | **Net Fixed Assets** | | | |
| | 1 | Gross Block | 1121090.31 | | 1019217.07 |
| | 2 | Less: Accumulated Depreciation | 484875.41 | | 437532.75 |
| | 3 | **Net Fixed Assets (1 - 2)** | | **636,214.90** | **581,684.32** |
| 21 | 4 | Capital Expenditure in Progress | | 97410.28 | 101786.00 |
| 22 | 5 | Assets Not in Use | | - | - |
| 23 | 6 | Deferred Costs | | 4838.20 | 4199.94 |
| 24 | 7 | Intangible Assets | | 324.29 | 96.51 |
| 25 | 8 | Investments | | 1950.01 | 1950.01 |
| | (b) | **Net Current Assets** | | | |
| 26 | 9 | Total Current Assets | 233036.09 | | 247207.03 |
| | | Less: Total Current Liabilities | | | |
| 27 | 10 | Security Deposits from Consumers | 139230.55 | | 120408.82 |
| 28 | 11 | Other Current Liabilities | 439040.01 | | 356057.14 |
| | 12 | Total Current Liabilities (10 + 11) | 578270.56 | | 476465.96 |
| | 13 | **Net Current Assets (9 - 12)** | | **(345234.47)** | **(229258.88)** |
| 29 | 14 | Subsidies Receivable from Government | | 57058.00 | 53306.29 |
| 29(a) | 15 | Net Subsidy Netted off to be Written Off | | 120230.21 | 120230.21 |
| 29(b) | 16 | Regulatory Asset | | 339385.85 | 221019.87 |
| | 17 | **NET ASSETS (3 to 8 + 13 + 14 to 16)** | | **912,177.27** | **855,014.27** |
| | | **FINANCED BY** | | | |
| 30 | 18 | Borrowings for Working Capital | | 31763.80 | 16045.95 |
| 31 | 19 | Payments due on Capital Liabilities | | 0.00 | 0.00 |
| 32 | 20 | Capital Liabilities | | 106650.24 | 140949.13 |
| 33 | 21 | Funds from State Government | | 0.00 | 0.00 |
| 33 A | 22 | Equity Capital | | 155300.00 | 155300.00 |
| 34 | 23 | Contributions, Grants and Subsidies towards Cost of Capital Assets | | 330849.42 | 295391.47 |
| 35 | 24 | Reserve and Reserve Funds | | 114924.40 | 98,709.81 |
| | 25 | Surplus/(Deficit) | | 172689.41 | 148,617.91 |
| | | **TOTAL FUNDS** | | **912,177.27** | **855,014.27** |

T.M.MANOHARAN IFS
**CHAIRMAN**

S.VENUGOPAL
**MEMBER ( FINANCE )**

BIJU.R
Dy.CAO i/c of **FINANCIAL ADVISER**